(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ സ്വകാര്യ സ്വാശ്രയ മേഖലയിൽ അനുവദിച്ച മെഡിക്കൽ, എഞ്ചിനീയറിംഗ്, നഴ്സിംഗ്, ഫാർമസി മെഡിക്കൽ, ബി.എഡ്. കോളേജുകളുടേയും ടി.ടി.സി. സെന്ററുകളുടേയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നും ഏതേത് മാനേജ്മെന്റിന്റെ കീഴിലാണെന്നും ഓരോ സ്ഥാപനത്തിലും ഏതെല്ലാം കോഴ്സുകൾ ഉണ്ട് എന്നും ഓരോന്നിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽനിന്നും പ്രതിവർഷം എത്ര പ്രൊഫഷണൽ വിദ്യാർത്ഥികളാണ് പഠിച്ച് പുറത്തിറങ്ങുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിലുള്ള സർക്കാർ സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങിയ ആയിരക്കണക്കിന് പ്രൊഫഷണൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കാത്ത ഇന്നത്തെ സാഹചര്യത്തിൽ സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നുകൂടി പഠിച്ചിറങ്ങുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാദ്ധ്യതയെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ സ്വകാര്യ സ്വാശ്രയ മേഖലയിൽ 6 മെഡിക്കൽ കോളേജുകളും, 54 എഞ്ചിനീയറിംഗ് കോളേജുകളും, 43 നഴ്സിംഗ് കോളേജുകളും, 6 ഡന്റൽ കോളേജുകളും, 16 ഫാർമസി കോളേജുകളും, 6 ആയുർവേദ കോളേജുകളും, ലാബ് ടെക്നോളജി കോളേജ്, സിദ്ധ കോളേജ് എന്നിവ ഓരോന്നു വീതവും 86 ബി എഡ്. കോളേജുകളും അനുവദിച്ചിട്ടുണ്ട്. ടി.ടി.സി. സെന്ററുകളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇത് സംബന്ധിച്ച വിശദാംശം അനുബന്ധം I, II, III, IV ആയി ചേർക്കുന്നു.†

(സി) ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി) സംസ്ഥാനത്ത് ഇനിയും പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ വേണമോ എന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ പ്രൊഫ. ജയശങ്കർ ചെയർമാനായുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇനിയും ബി.എഡ്. കോളേജ് സംസ്ഥാനത്ത് ആവശ്യമാണോ എന്ന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. തൊഴിൽ സാദ്ധ്യത സംബന്ധിച്ച് പ്രസ്തുത സമിതി പഠനം നടത്തുന്നതാണ്.

മെഡിക്കൽ എഞ്ചിനീയറിംഗ് സീറ്റുകൾ

62 [2368] ശ്രീ. കെ. കെ. ഷാജു:
,, ഉമ്മൻ ചാണ്ടിയിൽ:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിൽ എത്ര സീറ്റുകൾ വീതം ഉണ്ടായിരുന്നു;

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 1

(ബി) എൽ.ഡി.എഫ്. ഭരണകാലത്ത് പേമെൻറ് അടിസ്ഥാനത്തിൽ എത്ര സീററുകൾ വീതം ലഭ്യമായിരുന്നു;

(സി) ഇപ്പോൾ മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ മെറിററിൽ എത്ര സീററുകൾ ലഭ്യമാണ്;

(ഡി) ഇപ്പോൾ ഓരോ വിഭാഗത്തിലും പേമെൻറ് അടിസ്ഥാനത്തിൽ ലഭ്യമായ സീററുകളുടെ എണ്ണം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	മെഡിക്കൽ (അഗ്രിക്കൾച്ചർ, ബി. ഫാം ഉൾപ്പെടെ)	..	1378
	എഞ്ചിനീയറിംഗ്	..	7779
(ബി)	മെഡിക്കൽ	..	50
	എഞ്ചിനീയറിംഗ്	..	980
(സി)	എഞ്ചിനീയറിംഗ്:		
	സ്പോൺസർ മെറിററ്	..	8369
	സംവരണം	..	4509
	ആകെ	..	12878
	മെഡിക്കൽ		
	സ്പോൺസർ മെറിററ്	..	2101
	സംവരണം	..	1131
	ആകെ	..	3232

(ഡി) ഇപ്പോൾ പേമെൻറ് സീററുകൾ നിലവിലില്ല.

കാലിക്കററ് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കുകൂടി ബി.എഡ്. പ്രവേശനത്തിന് അപേക്ഷിക്കുവാൻ അവസരം നൽകുന്നതിന് നടപടി

63 [2369] ശ്രീ. ഇസ്ഹാക് കുരിക്കൾ;
,, പി. കെ. കെ. ബാവ;
,, സി. മോയിൻകുട്ടി;
,, കെ. എൻ. എ. ഖാദർ;
,, ടി. പി. എ. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ വർഷം മുതൽ ബി.എഡ്. പ്രവേശനത്തിന് ഏകീകൃത അലോട്ട്മെൻറ് നടത്തിയപ്പോൾ കാലിക്കററ് യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാൻ സാധിക്കാതിരുന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾക്കുകൂടി അവസരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly